ജനവരി 24, 2014

# 2005-ന് മുൻപ് പുറത്തിറക്കിയ കറൻസി നോട്ടുകളുടെ പിൻവലിക്കൽ സംബന്ധിച്ച് റിസർവ് ബാങ്ക് ഓഫ് ഇന്ത്യ നൽകുന്ന വിശദീകരണം

കറൻസി നോട്ടുകളുടെ പിൻവലിക്കൽ സംബന്ധിച്ച് 2014 ജനവരി 22ന് റിസർവ് ബാങ്ക് ഓഫ് ഇന്ത്യ പുറപ്പെടുവിച്ച പ്രസ്താവനയെ സംബന്ധിച്ച് ചില പ്രതികരണങ്ങളും ചോദ്യങ്ങളും ഉയർന്നു വരികയുണ്ടായി. ഇവയെ സംബന്ധിച്ച് വിശദീകരണം നൽകുവാൻ ബാങ്ക് താല്പര്യപ്പെടുന്നു. 2005 മുതൽ പുറത്തിറക്കിയ കറൻസി നോട്ടുകളിൽ മുൻ വർഷങ്ങളിൽ ഉള്ളവയേക്കാൾ കൂടുതൽ 'സുരക്ഷാ ഘടകങ്ങൾ' ഉൾപ്പെടുത്തിയിട്ടുണ്ട്. അതു കൊണ്ടാണ് 2005ന് മുൻപുള്ള കറൻസി നോട്ടുകൾ പിൻവലിക്കാൻ റിസർവ് ബാങ്ക് തീരുമാനിച്ചത്. കൂടാതെ പഴയ സീരീസിലുള്ള നോട്ടുകളുടെ പിൻവലിക്കൽ പ്രക്രിയ അന്തർദേശീയമായി തന്നെ പിന്തുടർന്നു വരുന്ന ഒരു അംഗീകൃത നടപടി ക്രമമാണ്.

പ്രചാരത്തിലുള്ള പഴയ സീരീസ് നോട്ടുകൾ ബാങ്കുകൾ മുഖേന പിൻവലിക്കുകയെന്നത് റിസർവ് ബാങ്ക് ഓഫ് ഇന്ത്യ സാധാരണയായി ചെയ്തു വരുന്ന ഒന്നാണ്. 2005ന് മുൻപ് റിസർവ് ബാങ്ക് പുറത്തിറക്കിയതും ഇപ്പോൾ പ്രചാരത്തിലുള്ളതുമായ കറൻസി നോട്ടുകളുടെ എണ്ണം താരതമ്യേന കുറവായതിനാൽ പൊതുജനങ്ങളെ ഇത് സാരമായി ബാധിക്കുകയില്ലെന്ന് തന്നെയാണ് റിസർവ് ബാങ്ക്

എന്നിരുന്നാലും, ബാങ്ക് ശാഖകൾ മുഖാന്തരം പൊതുജനങ്ങൾക്ക് പ്രസ്തുത നോട്ടുകൾ മാറ്റിയെടുക്കുന്ന പ്രക്രിയ ആരംഭിക്കാവുന്നതാണ്. കൂടാതെ, ബാങ്ക് അക്കൌണ്ട് ഉള്ള പൊതുജനങ്ങൾക്ക് 2014 ജൂലൈ 1ന് ശേഷവും മേൽസൂചിപിച്ച നോട്ടുകൾ പരിധിയില്ലാതെ മാറ്റിയെടുക്കുവാൻ കഴിയുന്നതാണ്.

പഴയ നോട്ടുകളുടെ പിൻവലിക്കൽ നടപടികളുടെ മേൽനോട്ടവും പരിശോധനയും പൊതുജനങ്ങൾക്ക് യാതൊരു വിധ അസൌകാര്യങ്ങളും ഉണ്ടാകാത്തവിധം നടപ്പിലാക്കുമെന്ന് റിസർവ് ബാങ്ക് ഓഫ് ഇന്ത്യ ഉറപ്പ് നൽകുന്നു.

2005ന് മുൻപ് അച്ചടിക്കപ്പെട്ടതും പ്രചാരത്തിലുള്ളതുമായ കറൻസി നോട്ടുകൾക്ക് തുടർന്നും നിയമ സാധുത ഉണ്ടായിരിക്കുന്നതാണെന്ന് റിസർവ് ബാങ്ക് ഓഫ് ഇന്ത്യ ഒരിക്കൽ കൂടി തറപ്പിച്ച് പറയുന്നു.

അൽപ്പന കില്ലാവാല
പ്രിൻസിപ്പൽ ചീഫ് ജനറൽ മാനേജർ

പത്രപ്രസ്താവന : 2013-14/1491